30/12/21
13/12/21


# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001
ഫോൺ: 0471 2561603, ഫാക്സ്: 0471 2330920
**E-mail: sic.ker@nic.in**


## ഹർജി നമ്പർ AP No.1380(4)/2020/എസ്.ഐ.സി.

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നം.4601/എസ്.ഐ.സി-ജി 2/2020)**

**ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

തീയതി: 13.12.2021

ശ്രീ. ബേബി .കെ,
കൊച്ചെട്ടൊന്നിൽ ഹൗസ്,
കായലാംപാറ പി.ഒ,
ചെമ്പേരി- 670 632,
കണ്ണൂർ.

അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഹെഡ് മിനിസ്റ്റീരിയൽ ഓഫീസർ,
ലാന്റ് ട്രിബ്യൂണൽ, പയ്യന്നൂർ, കണ്ണൂർ.

2. അപ്പീൽ അധികാരി &
സ്പെഷ്യൽ തഹസീൽദാർ (എൽ.ആർ) 2,
സ്പെഷ്യൽ തഹസീൽദാറുടെ കാര്യാലയം,
പയ്യന്നൂർ, കണ്ണൂർ.

എതിർകക്ഷികൾ

## ഉത്തരവ്

ടി അപ്പീൽ ഹർജിയിൽ കമ്മീഷൻ 17.06.2021 ൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നതാണ്. സാധാരണ ഒരു കർഷകൻ എന്ന നിലയിൽ അപ്പീൽ ഹർജിക്കാരന്റെ അനിവാര്യമായ ആവശ്യത്തോട് മുഖംതിരിച്ച് നിൽക്കാൻ കഴിയില്ലെന്നും, അതുകൊണ്ട് അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളും

രേഖകളുടെ പകർപ്പുകളും ഉത്തരവ് കൈപ്പറ്റി രണ്ടുമാസത്തിനുള്ളിൽ വിശദമായ പരിശോധന നടത്തി ടിയാന് ലഭ്യമാക്കണമെന്നുമായിരുന്നു ടി ഉത്തരവിൽ പറഞ്ഞിരുന്നത്.

2. ഇതനുസരിച്ച്, 10.09.2021 ൽ ഒന്നാം എതിർകക്ഷി തയ്യാറാക്കിയ മറുപടി 16.09.2021 ൽ കമ്മീഷന് ലഭിച്ചു. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളുമായി ബന്ധപ്പെട്ട SM 3973/75 നമ്പർ ഫയൽ കണ്ടെത്തുന്നതിനായി ഒരു ഉദ്യോഗസ്ഥ സംഘത്തെ നിയോഗിച്ചെന്നും, എന്നാൽ ടി ഫയൽ കണ്ടെത്താൻ കഴിഞ്ഞില്ലെന്നും, അതുകൊണ്ട് അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകാൻ കഴിയില്ലായെന്നും ടി മറുപടിയിൽ പറയുന്നു. ഇതിന്ശേഷം അപ്പീൽ ഹർജിക്കാരൻ 08.10.2021 ൽ കമ്മീഷന് വീണ്ടും ഒരു പരാതി നൽകുകയുണ്ടായി. ഒന്നാം എതിർകക്ഷിയുടെ പരിശോധനയ്ക്ക് ശേഷം എന്ന നിലയിലുള്ള മറുപടി തനിക്ക് തന്നെ പല തവണ ലഭിച്ച മറുപടിയുടെ ആവർത്തനം തന്നെയാണെന്നും, അത് അംഗീകരിക്കാൻ കഴിയുന്നതല്ലെന്നും, അതുകൊണ്ട് കമ്മീഷന്റെ 17.06.2021 ലെ വിധി അനുസരിച്ച് വിവരങ്ങൾ ലഭ്യമാക്കാൻ നടപടിയെടുക്കണമെന്നുമാണ് അപ്പീൽ ഹർജിക്കാരൻ വീണ്ടും ആവശ്യപ്പെട്ടിട്ടുള്ളത്.

3. ഒന്നാം എതിർകക്ഷിയുടെ മറുപടിയും അപ്പീൽ ഹർജിക്കാരന്റെ പരാതിയും കമ്മീഷൻ പരിശോധിച്ചു.

4. അപ്പീൽ ഹർജിക്കാരന്റെ ആവർത്തിച്ചുള്ള പരാതി ഗൗരവതരമാണെന്നും, അത് ടിയാന്റെ ജീവിതത്തെ തന്നെ ബാധിക്കുന്നതാണെന്നും കമ്മീഷൻ വിലയിരുത്തുന്നു. അതുകൊണ്ട്, ഒന്നാം എതിർകക്ഷിയുടെ വിശദീകരണം

അംഗീകരിക്കാൻ കഴിയുന്നതല്ല. ഇക്കാര്യത്തിൽ അപ്പീൽ ഹർജിക്കാരനെ സഹായിക്കാനുള്ള ബാധ്യത ഒന്നാം എതിർകക്ഷിക്കുണ്ട് എന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. രണ്ടുമാസത്തെ സാവകാശം നൽകിയിട്ടും, അത് കണ്ടെത്താൻ കഴിയുന്നില്ല എന്നാണ് പറയുന്നതെങ്കിൽ, ഇത്തരം ഒരു ഗൗരവതരമായ വിവരവും രേഖയും നൽകാതിരിക്കുന്നതിന് വിവരാവകാശ നിയമപ്രകാരം നടപടിയെടുക്കാൻ മാത്രമേ കഴിയൂ. ആയതുകൊണ്ട്, വിവരാവകാശ അപേക്ഷ കൈകാര്യം ചെയ്ത 30.01.2020 ലെ എസ്.പി.ഐ.ഒ യെയും, കമ്മീഷന്റെ ഉത്തരവ് നടപ്പാക്കാൻ ചുമതലയുണ്ടായിരുന്ന 2021 ജൂണിലെ എസ്.പി.ഐ.ഒ യും വിവരാവകാശ നിയമം 20(1) വകുപ്പ് പ്രകാരം ശിക്ഷിക്കാൻ കമ്മീഷൻ തീരുമാനിക്കുന്നു. ശിക്ഷ ഏർപ്പെടുത്താതിരിക്കാൻ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ, ടി കക്ഷികൾ ആയത് ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനുള്ളിൽ കമ്മീഷനെ നേരിട്ടോ, രേഖാമൂലമോ അറിയിക്കേണ്ടതാണ്. മേൽപറഞ്ഞ കാലയളവിനുള്ളിൽ വിശദീകരണം ഒന്നും ലഭിക്കുന്നില്ലായെങ്കിൽ, ടി കക്ഷികൾക്ക് ഇക്കാര്യത്തിൽ കൂടുതലൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

5. മേൽപ്പറഞ്ഞ കാലയളവിലെ എസ്.പി.ഐ.ഒ മാർ ഇതിനകം സ്ഥലംമാറി പോവുകയോ, സർവ്വീസിൽ നിന്ന് വിരമിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ, ഉത്തരവിന്റെ പകർപ്പ് ടി കക്ഷികൾക്ക് ലഭ്യമാക്കി മറുപടി കമ്മീഷന് നൽകേണ്ട ചുമതല നിലവിലെ എസ്.പി.ഐ.ഒ യ്ക്കായിരിക്കും.

6. മേൽ പറഞ്ഞ പ്രകാരം അപ്പീൽ ഹർജിയിൽ ഇന്നേ ദിവസം 13.12.2021 ന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഒപ്പ്)**
**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

re